മണ്ണ് സംരക്ഷണ പദ്ധതി
വിലയിരുത്തൽ പഠനം 2023-24

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് കണ്ണൂർ

2026

പൊയ്യമല – ഇല്ലിമുക്ക്
വാട്ടർഷെഡ് പദ്ധതി

കേളകം ഗ്രാമപഞ്ചായത്തിലെ 3,8,9 വാർഡുകൾ

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് കണ്ണൂർ

2026

ഡെപ്യൂട്ടി ഡയറക്ടർ
സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്
കണ്ണൂർ, 670002
Ph : 04972950405
e-mail : ecostatknr@gmail.com

അവതാരിക

പൊയ്യമല-ഇല്ലിമുക്ക് വാട്ടർഷെഡ് പദ്ധതിയാണ് 2023-24 വർഷത്തിൽ മണ്ണ് സംരക്ഷണ പഠന സർവ്വേയ്ക്കായി തിരഞ്ഞെടുത്തിട്ടുള്ളത്. ജില്ലയിൽ പേരാവൂർ ബ്ലോക്കിലെ കേളകം ഗ്രാമപഞ്ചായത്തിൽ 3, 8, 9 വാർഡുകളിലായാണ് ഈ പദ്ധതി വ്യാപിച്ചുകിടക്കുന്നത്. മണ്ണ് സംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കുന്നതോടെ ആ പ്രദേശത്തെ മേൽമണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിനും ജലലഭ്യത ഉറപ്പുവരുത്തുന്നതിനും തന്മൂലം മലയോരമേഖലകളിലെ ഹിൽപ്രോഡക്ട് നിലവാരം ഉയർത്തുന്നതിനും സാധിച്ചിട്ടുണ്ട്.

ഡെപ്യൂട്ടി ഡയറക്ടർമാരായിരുന്ന ശ്രീ. പ്രേമരാജൻ ഇ.വി., ശ്രീ. അഭിനേഷ് എസ്.എസ്. എന്നിവരുടെ നേതൃത്വത്തിൽ റിസർച്ച് ഓഫീസറായ ശ്രീ. ജയകുമാറിന്റെ സൂപ്പർവിഷനിൽ ഇൻവെസ്റ്റിഗേറ്ററായ ശ്രീ. ശ്രീകുമാർ വി.പി. വിവരശേഖരണവും ഡാറ്റാ എൻട്രിയും സമയബന്ധിതമായി പൂർത്തീകരിച്ചു. മണ്ണ് സംരക്ഷണ പ്രവൃത്തികൾ പദ്ധതി പ്രദേശത്തെ കർഷകർക്ക് കൂടുതൽ കൃഷി ചെയ്യുവാനുള്ള താൽപര്യം ഉണ്ടാക്കിയിട്ടുണ്ടെന്ന് പ്രത്യാശിക്കുന്നു.

കണ്ണൂർ
31/07/2026

ഷീന പി.
ഡെപ്യൂട്ടി ഡയറക്ടർ

ഷൈലമ്മ കെ.
ഡയറക്ടർ

സാമ്പത്തിക സ്ഥിതിവിവരണക്കണക്ക് വകുപ്പ്
വികാസ് ഭവൻ പി.ഒ.,
തിരുവനന്തപുരം-695 033
കേരളം
ഫോൺ { ഓഫീസ് : 0471-2305318
മൊബൈൽ : 9447115318
ഇ-മെയിൽ : dgdir.des@kerala.gov.in
: ecostatdir@gmail.com
Website : www.ecostat.kerala.gov.in

തീയതി 14-09-2026

സന്ദേശം

ഭൂമിയിൽ പെയ്യുന്ന മഴവെള്ളത്തെ സംഭരിച്ച് വെക്കേണ്ടതും ജലാശയങ്ങളിലെ ജലത്തെ നിലനിർത്തേണ്ടതും ഇന്നത്തെ മനുഷ്യരാശികൾക്കുള്ള പ്രധാന ഉത്തരവാദിത്തമാണ്. ഓരോ വർഷം കഴിയുന്തോറും സൂര്യതാപം കൂടിക്കൂടിവരുന്ന അവസ്ഥയുണ്ടാകുന്നു, ഭൂമി കൂടുതൽ ഈർപ്പരഹിതമാകുന്നു. ഇത്തരം സന്ദർഭങ്ങളിലാണ് മണ്ണ് സംരക്ഷണവകുപ്പ് നടപ്പിലാക്കികൊണ്ടിരിക്കുന്ന മണ്ണ് സംരക്ഷണപ്രവർത്തനങ്ങൾക്ക് പ്രാധാന്യം ഏറുന്നത്. അവ ജലത്തെ ഭൂമിയിൽ തന്നെ നിലനിർത്തുവാനും തന്മൂലം കാർഷികമേഖല വളരാൻ സഹായിക്കുന്നതിലൂടെ നമ്മുടെ സമ്പദ് വ്യവസ്ഥയുടെ സൂചിക ഉയർത്തുവാനും സാധിക്കുന്നു.

കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിലെ പേരാവൂർ ബ്ലോക്കിൽ കേളകം ഗ്രാമപഞ്ചായത്തിൽ മണ്ണുസംരക്ഷണ വകുപ്പ് നടപ്പിലാക്കിയ പദ്ധതിയാണ് പൊയ്യമല-ഇല്ലിമുക്ക് വാട്ടർഷെഡ് സ്കീം. പ്രസ്തുത പദ്ധതിയുടെ വിലയിരുത്തൽ പഠന റിപ്പോർട്ട് തയ്യാറാക്കിയ കണ്ണൂർ ജില്ലാ ഓഫീസിലെ എല്ലാ ഉദ്യോഗസ്ഥരെയും അഭിനന്ദിക്കുന്നു.

ഡയറക്ടർ

സന്ദേശം

2023-24 വർഷത്തെ മണ്ണ് സംരക്ഷണ പദ്ധതി വിലയിരുത്തൽ പഠന സർവ്വെയ്ക്ക് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് തെരെഞ്ഞെടുത്തിരുന്നത് നബാർഡിന്റെ ധനസഹായത്തോടെ ആർ.ഐ.ഡി.എഫ് 20 ൽ ഉൾപ്പെടുത്തി മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്, കണ്ണൂർ ജില്ലാ മണ്ണ് സംരക്ഷണ ഓഫീസ്, മുഖേന നടപ്പാക്കിയ പൊയ്യാമല-ഇല്ലിമുക്ക് വാട്ടർഷെഡ് പദ്ധതി ആണ്. ഇവയുടെ ഇവാലുവേഷൻ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നുവെന്നറിഞ്ഞതിൽ വളരെയധികം സന്തോഷമുണ്ട്.

മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങളിലൂടെ പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിനും പ്രദേശത്തെ കാർഷിക മേഖലയ്ക്ക് പുതു ജീവൻ നൽകുന്നതിനും മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് സദാ പ്രതിജ്ഞാബദ്ധമാണ്. ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ പൊയ്യാമല - ഇല്ലിമുക്ക് വാട്ടർഷെഡ് പദ്ധതി നിർണ്ണായകമായ പങ്കാണ് വഹിച്ചിട്ടുള്ളത്.

ആർ.ആ.ഡി.എഫ് 20 ൽ ഉൾപ്പെട്ട പൊയ്യാമല ഇല്ലിമുക്ക് വാട്ടർഷെഡ് 450 ഹെക്ടർ വിസ്തൃതിയുള്ളതും ഇരിട്ടി താലൂക്കിൽ പേരാവൂർ ബ്ലോക്കിലെ കേളകം ഗ്രാമ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നതുമാണ്. പ്രസ്തുത പദ്ധതിയിൽ കല്ല് കയ്യാല, മഴക്കുഴി, പുല്ല് വെച്ച് പിടിപ്പിക്കൽ, ടെറസിംഗ് എന്നീ വ്യക്തിഗത പ്രവൃത്തികളും ചെക്ക് ഡാം, ക്രോസ് ബണ്ട്, പാർശ്വഭിത്തി സംരക്ഷണം, എന്നീ പൊതു പ്രവൃത്തികൾക്കുമായി 1.95 ലക്ഷം സാങ്കേതികാനുമതി ലഭിക്കുകയും ആയതിൽ 1,86,89,361/- രൂപ ചെലവഴിച്ച് 95.8% നേട്ടം കൈവരിക്കുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത പദ്ധതിയിൽ 157 ഗുണഭോക്താക്കളിൽ നിന്നുമാണ് പഠനത്തിനായി വിവര ശേഖരണം നടത്തിയിട്ടുള്ളത്. ഇത്തരം പദ്ധതി നടപ്പാക്കുക വഴി പ്രകൃതിയേയും പരിസ്ഥിതി ഘടനയേയും സംരക്ഷിക്കുവാനും കാർഷിക മേഖലയ്ക്ക് അഭിവൃദ്ധി കൈവരിക്കുവാനും സാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തുന്നു.

ഇത്തരമൊരു വിപുലമായ പഠനം നടത്തി സമഗ്രമായ വിലയിരുത്തൽ റിപ്പോർട്ട് തയ്യാറാക്കിയ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിലെ ഉദ്യോഗസ്ഥരെയും, പദ്ധതി വിജയകരമായി പൂർത്തിയാക്കാൻ സഹകരിച്ച ജനപ്രതിനിധികൾ, വകുപ്പ് ഉദ്യോഗസ്ഥർ, പ്രദേശവാസികളായ ഗുണഭോക്താക്കൾ എന്നിവരെയും ഹൃദ്യമായി അഭിനന്ദിക്കുന്നു. ഈ റിപ്പോർട്ട് ഭാവിയിലെ പുതിയ മണ്ണ്-ജല സംരക്ഷണ പദ്ധതികൾക്ക് മികച്ചൊരു വഴികാട്ടിയാകട്ടെ എന്ന് ആശംസിക്കുന്നു.

ഷംല റഷീദ്

ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർ, കണ്ണൂർ

C.T. ANEESH
PRESIDENT
Kelakam Grama Panchayat
P. O. Kelakam - 670 674
Kannur Dist.

"Chakompathalil House"
Poovathinchola
P.O. Velloonni - 670 674
Ph : 0490 2412038(Off.)
Mob: 9496049153, 9447654097

Date 20/7/2025

സാക്ഷ്യപത്രം

കേളകം ഗ്രാമപഞ്ചായത്തിലെ 3,8,9, എന്നി വാർഡുകളിൽ മണ്ണ് സംരക്ഷണ വകുപ്പ് നടപ്പിലാക്കിയ പൊയ്യമല-ഇല്ലിമുക്ക് വാട്ടർഷെഡ് പദ്ധതിയുടെ വിലയിരുത്തൽ പഠനം 2023-24 വർഷത്തിൽ ഇക്കണോമിക്സ്, സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് നടത്തിയതറിഞ്ഞതിൽ ഞാൻ ഏറെ അഭിമാനം കൊള്ളുന്നു.

ഈ പദ്ധതിയുടെ കിഴിൽ കോണ്ടൂർ ബണ്ടിംഗ് ,നീർക്കുഴി, ടെറസിംഗ്, ചെക്ക്ഡാം, പാർശ്വഭിത്തി നിർമ്മാണം എന്നി പ്രവർത്തികളാണ് നടത്തിയിരുന്നത്. പദ്ധതി പ്രദേശത്ത് താമസിക്കുന്നവർ ഭൂരിഭാഗവും കാർഷികവൃത്തിയുമായി ബന്ധമുള്ളവർ ആയതിനാൽ അവർക്ക് അതിൻറെ ഗുണം ലഭിച്ചിട്ടുണ്ടെന്നതിൽ സംശയമില്ല. പദ്ധതി പ്രദേശം കുന്നും മലകളും നിറഞ്ഞ പ്രദേശമായതിനാൽ മണ്ണ് സംരക്ഷണ പ്രവർത്തി ചെയ്തതോടെ മണ്ണൊലിപ്പ് തടയുന്നതിനും ജലസംരക്ഷണം പ്രദാനം ചെയ്യുന്നതിനും സാധിച്ചത് വളരെ ഉപകാരപ്രദമായിട്ടുണ്ടെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

C. T. ANEESH
PRESIDENT,
Kelakam Grama Panchayat
P.O. Kelakam - 670674, Kannur Dist
Mob: Mob: 9447654097

പൊയ്യമല –ഇല്ലിമുക്ക് വാട്ടർ ഷെഡിൻെറ ഗുണഭോക്തൃക കമ്മിറ്റി കൺവീനർ ശ്രീ. രാമചന്ദ്രൻ നായർ വള്ളിക്കുന്നേത് അഭിപ്രായ റിപ്പോർട്ട്

പൊയ്യമല - ഇല്ലിമുക്ക് വാട്ടർ ഷെഡിൻെറ ഗുണഭോക്തൃക കമ്മിറ്റി കൺവീനറാകാൻ സാധിച്ചതിൽ ഞാൻ വളരെയധികം സന്തോഷിക്കുന്നു. കേളകം ഗ്രാമപഞ്ചായത്തിൻെറ 3,8,9 വാർഡുകളിൽ നടപ്പിലാക്കിയ മണ്ണ് സംരക്ഷണ പദ്ധതിയാണിത്.

കേളകം ടൗണിൽ നിന്നും 1 കി.മീ. അകലത്തിലേയാണ്. പൊയ്യമല - ഇല്ലിമുക്ക് വാട്ടർഷെഡ് പദ്ധതി പ്രദേശം സ്ഥിതി ചെയ്യുന്നത്. ജനങ്ങളുടെ പ്രധാന ഉപജീവനമാർഗ്ഗം കാർഷികമേഖലയാണ്. കൃഷിയിടങ്ങളിൽ മണ്ണ് സംരക്ഷണ പ്രവർത്തിചെയ്യതിനാൽ കാർഷിക വിളകൾക്ക് അഭിവൃത്തിയുണ്ടായിട്ടുണ്ട്, ജലാശയങ്ങളിൽ ജലസമൃതായി ഉള്ളതായി മനസ്സിലാക്കുവാൻ സാധിച്ചിട്ടുണ്ട്. വന്യജീവികൾ കൃഷി നശിപ്പിക്കുകായെന്നത് കർഷകർക്ക് ഒരു വെല്ലുവിളിതന്നെയാണ് അവർക്ക് ശാശ്വത പരിഹാരം വേണമെന്ന് ആവശ്യം ശക്തമായിട്ടുണ്ട് എങ്കിലും മണ്ണ് സംരക്ഷണ പ്രവൃത്തികൾ വളരെ ഗുണപ്രദമായിട്ടുണ്ട് എന്ന് ഗുണഭോക്താക്കൾ അവകാശപ്പെടുന്നു.

കേളകം
20/07/2025

എന്ന്,
കൺവീനർ
രാമചന്ദ്രൻ നായർ വള്ളിക്കുന്നേത്
പൊയ്യമല – ഇല്ലിമുക്ക് വാട്ടർ ഷെഡ്

പൊയ്യമല-ഇല്ലിമുക്ക് വാട്ടർഷെഡ് പദ്ധതിയെക്കുറിച്ച് ഇൻവെസ്റ്റിഗേറ്ററുടെ ലഘു വിവരണം.

2023-2024 വർഷത്തിൽ മണ്ണ് സംരക്ഷണ പദ്ധതികളുടെ വിലയിരുത്തൽ പഠനത്തിന് തെരഞ്ഞെടുത്തിട്ടുള്ളത് 2021ൽ പൂർത്തീകരിച്ച പൊയ്യമല - ഇല്ലിമുക്ക് വാട്ടർഷെഡ് പദ്ധതിയാണ്. കേളകം പഞ്ചായത്തിലെ 3, 8, 9 വാർഡുകളിലായി ഇവ സ്ഥിതിചെയ്യുന്നു. 157 ഗുണഭോക്താക്കളിൽ നിന്നാണ് വിവരശേഖരണം നടത്തിയത്. പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിയത് ഗുണഭോക്തൃ സമിതിയാണ്. കോണ്ടൂർ ബണ്ടിംഗ്, നീർക്കുഴി, ടെറസിംഗ് എന്നിവയാണ് വ്യക്തിഗത ഇനത്തിൽ ചെയ്തിട്ടുള്ള പ്രവൃത്തികൾ. ചെക്ക്ഡാം, തോട് പാർശ്വഭിത്തി സംരക്ഷണം എന്നിവ പൊതുപ്രവൃത്തിയുടെ ഗണത്തിൽപ്പെടുന്നു.

മണ്ണ് സംരക്ഷണ പ്രവൃത്തികൾ ചെയ്തതിനാൽ വിളകളുടെ ലഭ്യതയിൽ മാറ്റമില്ലെങ്കിലും വിളകളുടെ ഉൽപാദനം വർദ്ധിച്ചതായി സർവെയിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നു. കൂടാതെ കൃഷിനാശവും മണ്ണിടിച്ചിലും കുറഞ്ഞതായും വിലയിരുത്തുന്നു. അതിവർഷം കാരണം മൂന്നിൽ ഒരു ഭാഗം നിർദ്ദിഷ്ട പ്രവൃത്തികൾ ഭാഗികമായി കേടുപാടുകൾ സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രധാന വിളകൾ തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, മിശ്രവിളകൾ എന്നിവയാകുന്നു.

31/7/26

ശ്രീകുമാർ വി.പി.
സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് 2 (HG)

പൊയ്യമല – ഇല്ലിമുക്ക് വാട്ടർഷെഡ് പദ്ധതിയുടെ വിലയിരുത്തൽ പഠനവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചവർ

റിപ്പോർട്ട് തയ്യാറാക്കൽ

1. ശ്രീമതി. ഷീന പി., ഡെപ്യൂട്ടി ഡയറക്ടർ
2. ശ്രീ. മനോജ് കെ., റിസർച്ച് ഓഫീസർ.
3. ശ്രീ. ശ്രീകുമാർ വി. പി., സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് II (HG)

റിപ്പോർട്ട് ഡാറ്റാ എൻട്രിയും റിപ്പോർട്ട് രൂപകല്പനയും

1. ശ്രീമതി. ഷൈലജ ബി, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്
2. ശ്രീമതി. നസ്റീന വി. സി., സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് II

വിവര ശേഖരണം മേൽനോട്ടവും മാർഗ്ഗ നിർദേശവും

1. ശ്രീ. പ്രേമരാജൻ ഇ.വി., ഡെപ്യൂട്ടി ഡയറക്ടർ
2. ശ്രീ. അഭിനേഷ് എസ്.എസ്., ഡെപ്യൂട്ടി ഡയറക്ടർ
3. ശ്രീ. ജയകുമാർ ടി., റിസർച്ച് ഓഫീസർ

വിവരശേഖരണവും ഡാറ്റാ എൻട്രിയും

1. ശ്രീ. ശ്രീകുമാർ വി. പി., സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് II (HG)

ഉള്ളടക്കം

അദ്ധ്യായം - 1

1 *മണ്ണു സംരക്ഷണ പദ്ധതി വിലയിരുത്തൽ പഠന സർവെ*

1.1 ആമുഖം 1

1.2 മണ്ണുസംരക്ഷണ പദ്ധതി വിലയിരുത്തൽ പഠന സർവെയുടെ ഉദ്ദേശലക്ഷ്യങ്ങൾ. 2

1.3 വിലയിരുത്തൽ പഠന കാലയളവ് 3

1.4 നീർത്തടം (വാട്ടർഷെഡ്) 3

1.5 നീർത്തടാധിഷ്ഠിത വികസനം 3

1.6 വിലയിരുത്തൽ പഠന രീതി 4

അദ്ധ്യായം - 2

പൊയ്യമല - ഇല്ലിമുക്ക് വാട്ടർഷെഡ് പദ്ധതി

2.1 കോണ്ടൂർ ബണ്ടിംഗ് 5

2.2 ടെറസിംഗ് (തട്ട് തിരിക്കൽ) 5

2.3 മഴക്കുഴി നിർമ്മാണം 6

അദ്ധ്യായം - 3

മണ്ണുസംരക്ഷണ വിലയിരുത്തൽ പഠനം - പ്രധാന സൂചകങ്ങൾ

3.1 പൊതുവിവരങ്ങൾ 7

3.1.1. ജനസംഖ്യ 7

3.1.2 പദ്ധതി പ്രദേശത്തെ സ്ഥാപനങ്ങൾ 8

3.1.3 ജലസേചന സ്ഥിതി 8

3.1.4 ഭൂവിനിയോഗ രീതി 9

3.2 പദ്ധതി അവലോകനം 10

3.2.1 ഗുണഭോക്താക്കളുടെ പ്രധാന തൊഴിൽ 11

3.2.2 ഗുണഭോക്താക്കളുടെ അനുബന്ധ തൊഴിൽ 12

3.2.3 പദ്ധതി പ്രദേശത്ത് നടപ്പിലാക്കിയ മണ്ണുസംരക്ഷണ പ്രവർത്തനങ്ങളുടെ വിവരങ്ങൾ. 12

3.2.4 മണ്ണു സംരക്ഷണം നടപ്പിലാക്കിയ കുടുംബങ്ങൾ പദ്ധതിയുടെ രീതി അനുസരിച്ച് 13

3.2.5 പദ്ധതി പ്രദേശത്തെ ഹ്രസ്വകാല വിളകളുടെ വിസ്തൃതി. 14

3.2.6 പദ്ധതി പ്രദേശത്തെ ദീർഘകാല വിളകളുടെ വിസ്തൃതി 15

3.2.7 പദ്ധതി പ്രദേശത്തെ വിളകളുടെ ഉൽപാദനം 16

3.2.8 പദ്ധതിയുടെ പുരോഗതിയെക്കുറിച്ചുള്ള അഭിപ്രായം. 17

3.2.9 പാരിസ്ഥിതികപ്രശ്നങ്ങൾ 18

3.2.10 ഗുണഭോക്താക്കളുടെ അനുബന്ധതൊഴിലിൽ നിന്നുള്ള വരുമാനം 19

അദ്ധ്യായം - 4

കൺട്രോൾ പ്ലോട്ട് 20

അദ്ധ്യായം - 5

ഉപസംഹാരം 24

അദ്ധ്യായം -1

മണ്ണു സംരക്ഷണ പദ്ധതി വിലയിരുത്തൽ പഠന സർവെ

1.1 ആമുഖം

മണ്ണ്, ജലം, ജൈവ സമ്പത്ത് എന്നിവ സംരക്ഷിക്കുക എന്നത് മാനവവികസന പ്രവർത്തനങ്ങളിൽ മുഖ്യപങ്കു വഹിക്കുന്നു. ഈ മൂന്ന് ഘടകങ്ങളുടേയും അമിത ചൂഷണം ഒഴിവാക്കിക്കൊണ്ട് പ്രകൃതി വിഭവങ്ങളുടെ ശാസ്ത്രീയവും പുനരുപയോഗവും പുനരുൽപാദനവും വർദ്ധിപ്പിക്കുക അത്യാവശ്യമാണ്. പ്രകൃതി വിഭവങ്ങളുടെ ഭാവിയിലേക്കുള്ള കരുതൽ കൂടി മുന്നിൽ കണ്ടുകൊണ്ടായിരിക്കണം വികസന മാതൃകകൾ തീരുമാനിക്കേണ്ടത്. ഗ്രാമങ്ങളിൽ കൂടുതലുംഅവരുടെ ഉപജീവന മാർഗമായി ആശ്രയിക്കുന്നത് കൃഷിയും അനുബന്ധ തൊഴിലുകളുമാണ്. കാർഷിക മേഖലയിൽമഴയുടെ ലഭ്യതയിൽ ഉണ്ടാകുന്ന വ്യതിയാനം പ്രതിസന്ധി ഉണ്ടാക്കുന്നു. ഈ മേഖലയിലെ ജീവിതം പ്രകൃതിയേയും കാലാവസ്ഥയേയും ആശ്രയിച്ചിരിക്കുന്നു. മണ്ണിന്റെ ഫലഭൂയിഷ്ഠതയിൽ വന്നിട്ടുള്ള ശോഷണം, കാർഷിക വിളകളുടേയും കന്നുകാലി സമ്പത്തിന്റേയും ഉൽപാദനക്ഷമതയിലെ കുറവ്, പ്രകൃതി വിഭവങ്ങളുടെ കുറവ് ഇവ ഗ്രാമീണമേഖലയിലെ ദാരിദ്ര്യത്തിന്റെ സൂചിക ഉയർത്തുന്നു.ഇവ മനസ്സിലാക്കികൊണ്ടുള്ള ഗ്രാമ വികസനപ്രർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിന് പ്രകൃതി വിഭവങ്ങളെ സംരക്ഷിച്ചുകൊണ്ടുള്ള ഇടപെടലുകളും മണ്ണിന്റെ ഉൽപാദനക്ഷമത വർധിപ്പിക്കുന്നതിനുതകുന്നപ്രവർത്തനങ്ങളും ആവശ്യമാണ്. ഈ ലക്ഷ്യം സാധ്യമാകുന്നതിന് വിവിധ മേഖലകളെ കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ള ആസൂത്രണ രീതിയാണ് ഭരണകൂടങ്ങൾ തെരഞ്ഞെടുക്കേണ്ടത്.

ഭൂപ്രകൃതിയും, മണ്ണിന്റെ ഘടനയും, ലഭ്യമായ ജൈവസമ്പത്തും ഏകോപിച്ചുകൊണ്ടുള്ള നീർത്തടാധിഷ്ഠിത പ്രവർത്തനങ്ങളിലൂടെ മാത്രമെ ഭൂമിയെ രക്ഷിക്കുവാൻ സാധ്യമാകുകയുള്ളൂ. നീർത്തടം സങ്കീർണ്ണവും ചലനാത്മകവും ആയ പ്രകൃതിയിൽ സാമൂഹിക പ്രതിബദ്ധതയിൽ ഊന്നിയുള്ള പ്രവർത്തനങ്ങൾ നടക്കുന്ന പ്രദേശമാണ്. ഉൽപാദക ഘടകങ്ങളെ നല്ല രീതിയിൽ ക്രമീകരിച്ചുകൊണ്ടുള്ള പദ്ധതി ആസൂത്രണം വാട്ടർഷെഡ് പ്രദേശത്തു നടത്തേണ്ടതുണ്ട്.

കേരള സർക്കാർ മണ്ണു ജല സംരക്ഷണത്തിന്റെ ഭാഗമായി മണ്ണു സംരക്ഷണ വകുപ്പ് മുഖേനയും മറ്റ് വകുപ്പുകൾ വഴിയും വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. മണ്ണിന്റെ ഫലഭൂയിഷ്ഠി, മണ്ണിന്റെ ജലസംരക്ഷണ ശേഷി എന്നിവ വർദ്ധിപ്പിക്കുക എന്ന

ലക്ഷ്യത്തോടെ മണ്ണു സംരക്ഷണ വകുപ്പ് നടത്തുന്ന നീർത്തട വികസന പദ്ധതികളാണ് **Contour Farming**. സമ്മിശ്ര ബഹുതല കൃഷി, നീർക്കുഴി (**Contour Trenching**), കോളർ ബണ്ടുകൾ, തടമെടുക്കൽ, **Check Dams** ജൈവ തടയണ (**Live Checks**), കോണ്ടൂർ വരമ്പുകൾ, (**Stone Pitched Contour Bunds**), പുതിയിടൽ തുടങ്ങിയവ, ചെറുതോ വലുതോ ആയ ഏതൊരു ജലസ്രോതസ്സിനും അതിലേക്ക് വെള്ളം ഒഴുകിയെത്തുന്ന ഒരു ഭൂവിഭാഗത്തിനു ചുറ്റുമായി കുന്നിന്റെ നെറുക മുതൽ ജലസ്രോതസ്സിന്റെ ബഹിർഗമന സ്ഥാനം വരെ നീളുന്ന ആ ഭൂവിഭാഗം ഒന്നാകെ ഉൾപ്പെടുന്ന നീർത്തട പ്രദേശത്തിന്റെ സമഗ്രവും സുസ്ഥിരവുമായ വികസനമാണ് ലക്ഷ്യം.

കേരളത്തിന്റെ ആകെ വിസ്തൃതിയുടെ 48% വരുന്ന മലനാട് പ്രദേശവും ഉൾനാടൻ കുന്നിൻ പ്രദേശവും കൂടി ചേർത്താൽ കേരളത്തിൽ കൃഷി ഭൂമിയുടെ ഭൂരിഭാഗവും ചരിഞ്ഞ ഭാഗങ്ങളായിരിക്കും.

ഇത്തരം ഭൂമിയിൽ കൃഷിക്ക് അനുയോജ്യമായ രീതിയിൽ ജീവകങ്ങളും ജലാംശവും നിലനിർത്തിക്കൊണ്ടുള്ള മണ്ണുസംരക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. ഇതിനായി ജൈവമുറകളോടൊപ്പം പ്രാദേശികമായി ലഭിക്കുന്ന റിസോഴ്സിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള നിർമ്മിതികൾ കൂടി പ്രവർത്തനമാക്കേണ്ടത് അനിവാര്യമാണ്. 12 മുതൽ 47 ശതമാനം വരെ ചരിവുള്ള പ്രദേശങ്ങളിൽ തട്ടുതിരിക്കലാണ് മണ്ണുജല സംരക്ഷണത്തിന് അനിയോജ്യം. ലഭ്യമായ മേൽമണ്ണിന്റെ പകുതിയിൽ കൂടുതൽ ആഴത്തിൽ മണ്ണിളക്കി മാറ്റി നിരപ്പാക്കാൻ ഉപയോഗിക്കുന്നത് മേൽ മണ്ണിന് മുകളിൽ ഫലഭൂയിഷ്ഠി കുറഞ്ഞ അടിമണ്ണ് കലരാൻ കാരണമാകുന്നു എന്നതാണ് ഈ രീതിയുടെ പരിമിതി. മണ്ണുസംരക്ഷണം കൃഷിക്കാർക്ക് കൂടുതൽ ഉത്പാദനത്തിനും വിളവിനും മാത്രമല്ല ഭാവിതലമുറയ്ക്കും കൂടി ഉപകാരപ്പെടുന്നതാണ്.

1.2 മണ്ണുസംരക്ഷണ പദ്ധതി വിലയിരുത്തൽ പഠന സർവെയുടെ ഉദ്ദേശലക്ഷ്യങ്ങൾ.

- മണ്ണുസംരക്ഷണ പദ്ധതികൾ നടപ്പിലാക്കിയത് മൂലം പദ്ധതി പ്രദേശത്തിനുണ്ടായ പുരോഗതി വിലയിരുത്തുക.
- മണ്ണുസംരക്ഷണ പദ്ധതികൾ നടപ്പിലാക്കിയത് മൂലമുള്ള ഭൂവിനിയോഗ മാറ്റം വിലയിരുത്തുക.
- ദീർഘകാല വിളകളിൽ നിന്നും കാലിക വിളകളിൽ നിന്നും ലഭിക്കുന്ന ഉൽപാദനം, മൂല്യം ഇവ വിലയിരുത്തുക.
- പദ്ധതിക്ക് ശേഷമുള്ള ജല ലഭ്യത വിശകലനം ചെയ്യുക.

- ❖ നടപ്പിലാക്കിയ പദ്ധതികളുടെ പരിപാലനം വിലയിരുത്തുക.
- ❖ മണ്ണുസംരക്ഷണ വകുപ്പ് മുഖേനയല്ലാതെ നടപ്പിലാക്കിയ മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ മനസിലാക്കുക.
- ❖ പദ്ധതി പ്രദേശത്തു നടത്താനുള്ള തുടർ പ്രവർത്തനങ്ങളും പ്രശ്നബാധിത സ്ഥലങ്ങളും ചൂണ്ടിക്കാട്ടുക.

1.3 വിലയിരുത്തൽ പഠന കാലയളവ്

കാർഷിക വർഷം അടിസ്ഥാനമാക്കിയാണ് മണ്ണുസംരക്ഷണ പദ്ധതികളുടെ വിലയിരുത്തൽ പഠനം സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് നടത്തി വരുന്നത്. **2023-24** കാർഷിക വർഷം (**2023** ജൂലൈ മുതൽ **2024** ജൂൺ വരെ) നടത്തിയ പഠനത്തിന്റെ വിവരങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

1.4 നീർത്തടം (വാട്ടർഷെഡ്)

ഒരു പൊതു ജലനിർഗ്ഗമന ചാലിലേക്ക് ഏതെല്ലാം പ്രദേശത്ത് നിന്നും മഴ വെള്ളം ഒഴുകിയെത്തുന്നുണ്ടോ ആ പ്രദേശമാകെ ജലനിർഗ്ഗമന ചാലിന്റെ നീർത്തടം എന്നറിയപ്പെടുന്നു. അതായത് ഒരു പുഴ / തോട് / അരുവിയിലേക്ക് എത്രമാത്രം പ്രദേശത്തെ വെള്ളം ഒഴുകിയെത്തുന്നുവോ ആ പ്രദേശത്തെ പുഴ / തോട് / അരുവിയുടെ നീർത്തടം എന്ന് വിളിക്കുന്നു. ഒരു നീർത്തടത്തെ വലയം ചെയ്യുന്ന ഉയർന്ന ഭൂപ്രതലങ്ങളായിരിക്കും അതിന്റെ അതിർത്തികൾ. ഏതൊരു നീർച്ചാലിലേക്കും ജലം ഒഴുകിയെത്തുന്ന മുഴുവൻ പ്രദേശത്തിന്റെയും അതിർത്തി, ഉത്ഭവ സ്ഥാനം, നീർമറി രേഖ, പ്രകൃതിദത്ത നീർച്ചാലുകൾ, ജലഗ്രഹണ മേഖല, ആദേശ മേഖല എന്നിവയൊക്കെ നീർത്തടത്തിന്റെ ഭാഗമാണ്. നീർത്തടത്തിന്റെ വലിപ്പമനുസരിച്ച് സൂക്ഷ്മ നീർത്തടം, ചെറു നീർത്തടം, ലഘു നീർത്തടം, ഉപ നീർത്തടം, നദീതടം എന്നിങ്ങനെ തരം തിരിക്കുന്നു.

1.5 നീർത്തടാധിഷ്ഠിത വികസനം

ഭൂമിയിലെ ഏതൊരു പ്രദേശങ്ങളും പരിശോധിച്ചാൽ അവ ഒരു നീർത്തടത്തിന്റെ ഭാഗമായിരിക്കും. നീർത്തടം എന്നത് മണ്ണ്, ജലം, ജൈവ സമ്പത്ത് എന്നിവയുടെ പരസ്പരബന്ധിതമായ പ്രകൃതിയുടെ ഒരു യൂണിറ്റ് ആയതിനാൽ തന്നെ സുസ്ഥിരവികസനം ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും ഏറ്റവും അനുയോജ്യമായ യൂണിറ്റാണ്. അടിസ്ഥാന വിഭവങ്ങളായ മണ്ണ്, ജലം, ജൈവ സമ്പത്ത് എന്നിവയിൽ ഒന്നിനുണ്ടാകുന്ന ആഘാതം മറ്റു രണ്ടിനെയും ബാധിക്കുമെന്നുള്ളതിനാലും ജലത്തിന്റെ

ലഭ്യത, മണ്ണിന്റെ തരം, ജൈവ സാന്നിധ്യം എന്നിവ ഓരോ നീർത്തടത്തിലും വ്യത്യസ്തമായതിനാലും നീർത്തടാധിഷ്ഠിത വികസനം പ്രാധാന്യമർഹിക്കുന്നു. പ്രകൃതിയാൽ നിർണ്ണയിക്കപ്പെട്ട അതിർത്തികൾ മാറ്റമില്ലാത്തത് ആയതിനാൽ വിവിധ വകുപ്പുകൾ പരിസ്ഥിതി സൗഹൃദ സുസ്ഥിര വികസന പദ്ധതികൾ നീർത്തടാടിസ്ഥാനത്തിലാണ് ആസൂത്രണം ചെയ്യുന്നത്.

1.6 വിലയിരുത്തൽ പഠന രീതി

ഇവാല്യുവേഷൻ സർവേ **2023-24** ൽ തെരഞ്ഞെടുത്ത വാട്ടർ ഷെഡിലെ / മണ്ണു സംരക്ഷണപദ്ധതി പ്രദേശത്തെ ഗുണഭോക്താക്കളിൽ നിന്നും വിവരശേഖരണം നടത്തുകയും മണ്ണു സംരക്ഷണ വകുപ്പ് നടപ്പിലാക്കിയ പദ്ധതിയോടൊപ്പം മറ്റ് ഏജൻസികൾ വഴിയോ സ്വകാര്യ വ്യക്തികൾ നേരിട്ടോ നടപ്പാക്കിയ എല്ലാ മണ്ണ്- ജല സംരക്ഷണ പദ്ധതികളേയും അവലോകനം ചെയ്യുകയും അത് മൂലം വാട്ടർഷെഡ് പ്രദേശത്തുണ്ടായ പുരോഗതി വിലയിരുത്തുകയുംഅപാകതകൾ കണ്ടെത്തി ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ എത്തിക്കുകയുമാണ് ലക്ഷ്യമിടുന്നത്. ഇവമൂലം തെരഞ്ഞെടുത്ത വാട്ടർഷെഡിൽ വിവിധ മാർഗ്ഗങ്ങളിലൂടെ നടപ്പാക്കിയ മണ്ണു സംരക്ഷണ പദ്ധതികൾ വഴി ഉണ്ടായിട്ടുള്ള ഗുണങ്ങൾ പഠനവിധേയമാക്കുന്നതോടൊപ്പം മണ്ണുസംരക്ഷണ വകുപ്പിന്റെ ഇടപെടൽ മൂലം പ്രസ്തുത വാട്ടർഷെഡിൽ ഉണ്ടായ നേട്ടങ്ങളും അപാകതകളും കണ്ടെത്തുന്നതിനും സാധിക്കുന്നു. ജില്ലാതലത്തിൽ പ്രത്യേകം റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുന്നതു വഴി ജില്ലാ ആസൂത്രണസമിതികൾക്ക് ഈ വിഷയത്തിൽ ഇടപെടാനുംഭാവിയിൽ വരാനിരിക്കുന്ന നീർത്തടവികസന പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമതയോടെ നിർവഹണം നടത്തുന്നതിന് തദ്ദേശ സ്വയംഭരണ സർക്കാരുകൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനുംസാധിക്കും.

പദ്ധതി പ്രദേശത്തെ കൈവശഭൂമിയുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ **4** സ്ട്രാറ്റങ്ങളായി തരം തിരിക്കുന്നു.

പട്ടിക 1

സ്ട്രാറ്റം	വിസ്തീർണ്ണം (സെന്റിൽ)
1	1 മുതൽ 99 സെന്റ് വരെ
2	100 മുതൽ 299 സെന്റ് വരെ
3	300 മുതൽ 499 സെന്റ് വരെ
4	500 സെന്റും അതിന് മുകളിലും

അദ്ധ്യായം - 2

പൊയ്യമല - ഇല്ലിമുക്ക് വാട്ടർഷെഡ് പദ്ധതി

കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിൽ ഉൾപ്പെടുന്ന പേരാവൂർ ബ്ലോക്കിലെ കേളകംഗ്രാമപഞ്ചായത്തിലെ 3, 8, 9 വാർഡുകളിലായി സ്ഥിതിചെയ്യുന്ന വാട്ടർഷെഡുകളിൽ ഒന്നാണ് പൊയ്യമല - ഇല്ലിമുക്ക് വാട്ടർഷെഡ്.ഈ പ്രദേശത്ത് പ്രധാനമായും കോണ്ടൂർ ബണ്ടിംഗ്,ടെറസിംഗ്, നീർക്കുഴിനിർമ്മാണം എന്നീ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്.ഇതു സംബന്ധിച്ച വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2.1 കോണ്ടൂർ ബണ്ടിംഗ്

ഉപരിതല ഒഴുക്കിനെ തടയാൻ പറമ്പുകളിൽ മണ്ണുകൊണ്ടോ, കല്ലുകൊണ്ടോ നിർമ്മിക്കുന്ന തടസ്സങ്ങളാണ് കോണ്ടൂർബണ്ടുകൾ. മണ്ണുകയ്യാല, കല്ലുകയ്യാല, തിരണകൾ, കയ്യാല മാടൻ, കൊള്ള് എന്നിവയെല്ലാം ഈ ഗണത്തിൽ ഉൾപ്പെടും. മഴ കുറഞ്ഞ സ്ഥലങ്ങളിൽ ജലസംരക്ഷണത്തിനുംമഴ കൂടുതലുള്ള സ്ഥലങ്ങളിൽ മണ്ണുസംരക്ഷണത്തിനും ഇത് സഹായിക്കുന്നു. ചരിവുള്ള പ്രദേശങ്ങളിൽ തട്ടുകൾ തിരിച്ച് കൃഷി ചെയ്യുന്ന രീതിയാണ് കോണ്ടൂർ ബണ്ടിംഗ്. റബ്ബർ, തേയില, കാപ്പി, കുരുമുളക് എന്നീ വിളകൾ കോണ്ടൂർ ബണ്ടിംഗ് വഴി കൃഷി ചെയ്യുന്നതിന് അനുയോജ്യമാണ്.

2.2 ടെറസിംഗ് (തട്ട് തിരിക്കൽ)

ചരിവുള്ള പ്രദേശങ്ങളിൽ തട്ടുതിരിക്കലാണ് മണ്ണ് ജല സംരക്ഷണത്തിന് അനുയോജ്യം, ചരിവ് കുറഞ്ഞ പ്രദേശത്തും തട്ടുതിരിക്കൽ പ്രവൃത്തി സാധാരണമായി കേരളത്തിൽ കണ്ടുവരുന്നു. ഉരുളൻ കല്ല് ലഭ്യമായയിടങ്ങളിൽ ഇതുപയോഗിച്ച് കയ്യാല നിർമ്മിച്ചും തട്ടുതിരിക്കൽ നടത്തുന്നു.

2.3 മഴക്കുഴി നിർമ്മാണം

മഴവെള്ളത്തെ മണ്ണിലാഴ്ത്തി ഭൂഗർഭ ജലവിതാനം ഉയർത്താൻ പുരയിടങ്ങളിലും കൃഷിസ്ഥലങ്ങളിലും കുഴിക്കുന്ന കുഴികളാണ് മഴക്കുഴികൾ. പദ്ധതി പ്രദേശത്ത് മഴക്കുഴികളുടെ നിർമ്മാണവും നടത്തിയിട്ടുണ്ട്.

<u>**അദ്ധ്യായം - 3**</u>

<u>മണ്ണുസംരക്ഷണ വിലയിരുത്തൽ പഠനം - പ്രധാന സൂചകങ്ങൾ</u>

<u>3.1 പൊതുവിവരങ്ങൾ</u>

2023-24 വർഷത്തെ മണ്ണുസംരക്ഷണ പദ്ധതി വിലയിരുത്തൽ പഠനത്തിനായി കണ്ണൂർ ജില്ലയിൽ പൊയ്യമല - ഇല്ലിമുക്ക് വാട്ടർഷെഡ് പദ്ധതിയാണ് തെരഞ്ഞെടുത്തത്. **620** ഹെക്ടർ സ്ഥലത്തായി പദ്ധതി പ്രദേശം വ്യാപിച്ചു കിടക്കുന്നു. ഇരിട്ടി താലൂക്കിലെ പേരാവൂർ ബ്ലോക്കിലുള്ള കേളകംഗ്രാമപഞ്ചായത്തിലെ പേരാവൂർ **3,8,9** വാർഡുകളിലായി സ്ഥിതിചെയ്യുന്ന വാട്ടർഷെഡുകളിൽ ഒന്നാണ് പൊയ്യമല - ഇല്ലിമുക്ക് വാട്ടർ ഷെഡ്പദ്ധതി. ഈ പ്രദേശം കേളകം വില്ലേജിൽ ഉൾപ്പെടുന്നു. **450** ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കോണ്ടൂർ ബണ്ടിംഗ്, ടെറസിംഗ്, നീർക്കുഴിനിർമ്മാണം തുടങ്ങിയ പ്രവർത്തികളാണ് വ്യക്തിഗത ഗുണഭോക്താക്കളുടെ ഭൂമിയിൽ മുഖ്യമായും നടപ്പാക്കിയിട്ടുള്ളത്. **2015** ഡിസംബർ **15** ന് ആരംഭിച്ച് **2021** സെപ്റ്റംബർ **14** ന് ഈ പദ്ധതി പൂർത്തീകരിച്ചു. പദ്ധതി പ്രദേശത്ത് ആകെ **618** കുടുംബങ്ങൾ ആണ് ഉള്ളത്.

<u>3.1.1 ജനസംഖ്യ</u>

<u>**പട്ടിക 2**</u>

സ്ത്രീകൾ	പുരുഷൻമാർ	ട്രാൻസ്ജെൻഡർ	ആകെ
1306	1256	-	2562

ഗുണഭോക്താക്കളായ **157** കുടുംബങ്ങളിൽ **APL** വിഭാഗത്തിൽ **156** ഉം **BPL** വിഭാഗത്തിൽ ഒരു കുടുംബവും ഉൾപ്പെടുന്നു. പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾ ഇല്ല. **155** കുടുംബങ്ങൾ ഗുണഭോക്തൃ കമ്മിറ്റിയിൽ അംഗങ്ങളായിരുന്നു.

പട്ടിക 3

കുടുംബങ്ങൾ	APL	BPL	ആകെ
പട്ടികജാതി	0	0	0
പട്ടികവർഗ്ഗം	0	0	0
മറ്റുള്ളവർ	156	1	157
ആകെ	156	1	157

3.1.2 പദ്ധതിപ്രദേശത്തെ സ്ഥാപനങ്ങൾ

ഒരു അംഗൻവാടി പ്രസ്തുത പ്രദേശത്ത് ഉണ്ട്. LP, UP, HS, HSS സ്കൂളുകളൊന്നും പദ്ധതി പ്രദേശത്ത് ഉൾപ്പെടുന്നില്ല. കൂടാതെ ആർട്സ് / സയൻസ് കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ എന്നിവയൊന്നും പദ്ധതി പ്രദേശത്ത് ഉൾപ്പെടുന്നില്ല.

വ്യവസായശാലകളൊന്നും പ്രസ്തുത പദ്ധതി പ്രദേശത്ത് പ്രവർത്തിക്കുന്നില്ല. എന്നാൽ കേന്ദ്രസർക്കാറിന്റെ കീഴിലെ പോസ്റ്റ് ഓഫീസ് പ്രവർത്തിക്കുന്നു. വാട്ടർ ഷെഡിനുള്ളിൽ സ്ഥലമുള്ളവരും എന്നാൽ പദ്ധതി പ്രദേശത്തിന് പുറത്ത് താമസിക്കുന്നവരുമായി 7 കുടുംബങ്ങളുണ്ട്. അവർക്ക് ആകെ 2493 സെന്റ് ഭൂമി പദ്ധതി പ്രദേശത്തിനകത്തുണ്ട്. 3 കുടുംബശ്രീ യൂണിറ്റുകളും പദ്ധതി പ്രദേശത്ത് നിലവിലുണ്ട്. 20 കോൽ ശരാശരി ആഴത്തിലുള്ള 93 കിണറുകളും 150 മീറ്റർ ആഴത്തിലുള്ള 10 കുഴൽ കിണറുകളും കൂടാതെ 5 കുളങ്ങളും പ്രസ്തുത പ്രദേശത്ത് നിലവിലുണ്ട്. മണ്ണുസംരക്ഷണ വകുപ്പ് പദ്ധതി നടപ്പിലാക്കി പൂർത്തിയാക്കിയതിനു ശേഷം വാട്ടർഷെഡിന്റെ നവീകരണത്തിനായി സ്വന്തം നിലയിൽ തുക ചെലവഴിച്ചവരുണ്ട്. കോണ്ടൂർ ബണ്ടിംഗ്, മഴക്കുഴി, നീർച്ചാൽ നവീകരണം, കയ്യാല നിർമ്മാണം എന്നീ പ്രവർത്തികൾക്കായിട്ടാണ് തുക ചെലവഴിച്ചിട്ടുള്ളത്.

3.1.3 ജലസേചന സ്ഥിതി

ആകെ 26127 സെന്റ് ഭൂമിയുള്ളതിൽ 3463 സെന്റ് ഭൂമി (13.25%)ജലസേചനമുള്ള വിഭാഗത്തിലും 22664 സെന്റ് (86.75%) ജലസേചനമില്ലാത്ത വിഭാഗത്തിലും ഉൾപ്പെടുന്നു.

പട്ടിക 4

ജലസേചനസ്ഥിതി	പദ്ധതിക്കു മുൻപ് വിസ്തൃതി(സെന്റിൽ)	പദ്ധതിക്കു ശേഷം വിസ്തൃതി(സെന്റിൽ)
ജലസേചനമുള്ളത്	3463	3463
ജലസേചനമില്ലാത്തത്	22664	22664
ആകെ ഭൂമി	26127	26127

157 കുടുംബങ്ങളിൽ 35 കുടുംബങ്ങൾ മാത്രമേ ജലസേചനം നടത്തിയിട്ടുള്ളൂ. അതിൽ കുളം ഉപയോഗിക്കുന്നത് 7 പേരും പൈപ്പ് ഉപയോഗിക്കുന്നത് 4 കുടുംബങ്ങളും കിണർ ഉപയോഗിക്കുന്നത് 24 കുടുംബങ്ങളും ആകുന്നു.

പട്ടിക 5

ജലസേചനമാർഗ്ഗം

ജലസേചനമാർഗ്ഗം	പദ്ധതിക്കു മുൻപ് (എണ്ണം)	പദ്ധതിക്കു ശേഷം (എണ്ണം)
കുളം	6	7
കിണർ	24	24
പൈപ്പ്	4	4
ഇല്ല	123	122
Grand Total	157	157

3.1.4 ഭൂവിനിയോഗരീതി

കൃഷി ചെയ്യുന്ന സ്ഥലം 26127 സെൻറും കൃഷി ചെയ്യാത്ത സ്ഥലം 1148 സെൻറും കൃഷിക്ക് ഉപയുക്തമല്ലാത്തത് 566 സെൻറും എന്നിങ്ങനെ ഭൂവിനിയോഗ രീതി തരംതിരിച്ച് സർവ്വേയിൽ രേഖപ്പെടുത്തിയിരിക്കുന്നു. തെങ്ങ്, റബ്ബർ, കശുമാവ്, കമുക് എന്നിവയാണ് പ്രദേശത്ത് കൃഷി ചെയ്തുവരുന്ന പ്രധാന വിളകൾ.

നടപ്പിലാക്കിയ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമായിരുന്നു എന്ന് 68 ഗുണഭോക്താക്കളും, സാമാന്യം പ്രയോജനപ്പെട്ടു എന്ന് 79 ഗുണഭോക്താക്കളും, പ്രയോജനമില്ല എന്ന് 10 ഗുണഭോക്താക്കളും അഭിപ്രായപ്പെട്ടു. മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയതു മൂലം മണ്ണിന്റെ ഫലഭൂയിഷ്ഠിത സാമാന്യം മെച്ചപ്പെട്ടുവെന്ന് 81 ഗുണഭോക്താക്കളും, പ്രയോജനമുണ്ടായില്ല എന്ന് 17 ഗുണഭോക്താക്കളും സൂചിപ്പിച്ചു. വളരെയധികം മെച്ചപ്പെട്ടുവെന്ന് 59 ഗുണഭോക്താക്കളും അറിയിച്ചു.

മണ്ണുസംരക്ഷണ പദ്ധതിയുടെ വിവരങ്ങൾ അറിഞ്ഞത് ഉദ്യോഗസ്ഥർ മുഖേനയാണെന്ന് 22 ഗുണഭോക്താക്കളും ഗ്രാമ, ബ്ലോക്ക്, പഞ്ചായത്ത് അധികാരികളിൽ നിന്നും 113 ഗുണഭോക്താക്കളും ഗുണഭോക്തൃ സമിതി അംഗങ്ങളിൽ നിന്നും 16

ഗുണഭോക്താക്കളും ആണെന്ന് സർവെ വിലയിരുത്തി. മണ്ണുസംരക്ഷണ പദ്ധതിയെക്കുറിച്ചുള്ള പരിശീലനം ആർക്കും ലഭ്യമായിട്ടില്ലെന്ന് സർവേയിൽ നിന്നും മനസിലാക്കുവാൻ സാധിച്ചു.

3.2 പദ്ധതി അവലോകനം

2023-24 മണ്ണുസംരക്ഷണ സർവ്വേയുടെ ഭാഗമായി മണ്ണു സംരക്ഷണ വകുപ്പ് നടപ്പിലാക്കിയ 'പൊയ്യമല - ഇല്ലിമുക്ക് വാട്ടർഷെഡ്' പദ്ധതി പ്രദേശം സന്ദർശിക്കുകയും പദ്ധതിയുടെ ഗുണഭോക്താക്കളെ സന്ദർശിച്ച് വിവരശേഖരണം നടത്തുകയും ചെയ്തു. പദ്ധതി പ്രദേശത്തുള്ള **157** കുടുംബങ്ങളിൽ **66** കുടുബങ്ങളും കൃഷി പ്രധാന തൊഴിലായി സ്വീകരിച്ചിരിക്കുന്നവരാണ്. പശു വളർത്തൽ, ആട് വളർത്തൽ, കോഴി വളർത്തൽ എന്നിവ യഥാക്രമം **23, 11, 54** കുടുംബങ്ങൾ അനുബന്ധ തൊഴിലായി സ്വീകരിച്ചിരിക്കുന്നു. പദ്ധതിയുടെ ഫലമായി വിളയിലെ സാന്ദ്രതയിലും, ഉത്പാദന നിരക്കിലും വർദ്ധനവുണ്ടായി. പൊയ്യമല – ഇല്ലിമുക്ക് വാട്ടർഷെഡ് പദ്ധതിയുടെ ഫലമായി പ്രദേശത്തെ മണ്ണൊലിപ്പിന്റെ തോത് കുറയ്ക്കുവാൻ കഴിഞ്ഞു. കിണറുകളിലെ ജലവിതാനവും ഉയർത്താൻ കഴിഞ്ഞു. സർവേയുടെ വിശദവിവരങ്ങൾ പട്ടികയിൽ കൊടുത്തിരിക്കും പ്രകാരമാണ്.

3.2.1 ഗുണഭോക്താക്കളുടെ പ്രധാന തൊഴിൽ

പട്ടിക 6

തൊഴിൽ	തൊഴിൽ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളുടെ എണ്ണം				
	സ്ട്രാറ്റം 1	സ്ട്രാറ്റം 2	സ്ട്രാറ്റം 3	സ്ട്രാറ്റം 4	ആകെ
കൃഷി	3	46	12	5	66
കാർഷികേതരം	16	20	1	0	37
കർഷകത്തൊഴിലാളി	20	28	0	0	48
കാർഷികേതരതൊഴിലാളി	0	3	0	0	3
മറ്റുള്ളവ	1	2	0	0	3

പദ്ധതി പ്രദേശത്തുള്ള 157 കുടുംബങ്ങളിൽ 42.04% കടുംബങ്ങൾ കൃഷി പ്രധാന തൊഴിലായി സ്വീകരിച്ചിരിക്കുന്നു. 23.57% കുടുംബങ്ങൾ കാർഷികേതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നു. 30.57% കുടുംബങ്ങൾ കർഷകതൊഴിലാളി വിഭാഗത്തിൽ ഉൾപ്പെടുന്നു. കാർഷികേതര തൊഴിലാളി വിഭാഗത്തിൽ 1.91%ഉം മറ്റു തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ 1.91% ഉം ആണ്.

കൃഷി പ്രധാന തൊഴിലായി സ്വീകരിച്ചിരിക്കുന്ന 66 കുടുംബങ്ങളിൽ സ്ട്രാറ്റം 1 ൽ (100 സെന്റിനു താഴെ) 4.55% കുടുംബങ്ങളും സ്ട്രാറ്റം 2 ൽ (100 മുതൽ 300 സെന്റിൽ താഴെ വരെ) 69.70% കുടുംബങ്ങളും സ്ട്രാറ്റം3ൽ (300 മുതൽ 500 സെന്റിൽ താഴെ വരെ) 18.18% കുടുംബങ്ങളും 500 സെന്റിനു മുകളിൽ വരുന്ന സ്ട്രാറ്റം 4 ൽ 7.57% കുടുംബങ്ങളും ഉൾപ്പെടുന്നു.

കാർഷികേതര പ്രധാന തൊഴിലായി സ്വീകരിച്ചിരിക്കുന്ന 37 കുടുംബങ്ങളിൽ സ്ട്രാറ്റം 1 ൽ 43.24% കുടുംബങ്ങളും സ്ട്രാറ്റം 2 ൽ 54.05% ഉം, സ്ട്രാറ്റം 3 ൽ 2.70% ഉം, സ്ട്രാറ്റം 4 ൽ 0% ഉം ഉൾപ്പെടുന്നു. കർഷകതൊഴിലായി സ്വീകരിച്ചിരിക്കുന്ന 48 കുടുംബങ്ങളിൽ സ്ട്രാറ്റം 1 ൽ 41.66% ഉം, സ്ട്രാറ്റം 2 ൽ 58.33% ഉം, ഉൾപ്പെടുന്നു. കാർഷികേതര തൊഴിലുകൾ സ്വീകരിച്ചിരിക്കുന്ന 3 കുടുംബങ്ങളിൽ സ്ട്രാറ്റം 2 ൽ 100% ഉം ഉൾപ്പെടുന്നു. മറ്റു തൊഴിലുകൾ സ്വീകരിച്ചിരിക്കുന്ന 3 കുടുംബങ്ങളിൽ സ്ട്രാറ്റം 1 ൽ 33.33% ഉം സ്ട്രാറ്റം 2 ൽ 66.66% ഉം ഉൾപ്പെടുന്നു.

3.2.2 ഗുണഭോക്താക്കളുടെ അനുബന്ധ തൊഴിൽ

പട്ടിക 7

അനുബന്ധതൊഴിൽ	അനുബന്ധതൊഴിൽ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളുടെ എണ്ണം				
	സ്ട്രാറ്റം 1	സ്ട്രാറ്റം 2	സ്ട്രാറ്റം 3	സ്ട്രാറ്റം 4	ആകെ
പശുവളർത്തൽ	**7**	**13**	**3**	**0**	**23**
ആടുവളർത്തൽ	**1**	**10**	**0**	**0**	**11**
കോഴിവളർത്തൽ	**16**	**35**	**2**	**1**	**54**
അനുബന്ധ തൊഴിൽ ഇല്ല	**24**	**57**	**9**	**4**	**94**

പശു വളർത്തൽ അനുബന്ധ തൊഴിലായി സ്വീകരിച്ചിട്ടുള്ളത് **23** കുടുംബങ്ങളാണ്. ഇതിൽ **30.43%** കുടുംബങ്ങൾ സ്ട്രാറ്റം **1** ലും സ്ട്രാറ്റം **2** ൽ **56.52%** ഉം ഉൾപ്പെടുന്നു. ആടു വളർത്തൽ അനുബന്ധ തൊഴിലായി സ്വീകരിച്ചിട്ടുള്ളത് **11** കുടുംബങ്ങളാണ്. ആടു വളർത്തൽ അനുബന്ധ തൊഴിലായി സ്വീകരിച്ചിട്ടുള്ള കുടുംബങ്ങളിൽ **9.09%** കുടുംബങ്ങൾ സ്ട്രാറ്റം **1** ലും **90.90%** കുടുംബങ്ങൾ സ്ട്രാറ്റം **2** ലും ഉൾപ്പെടുന്നവരാണ്. കോഴിവളർത്തൽ അനുബന്ധ തൊഴിലാക്കിയിട്ടുള്ളത് **54** കുടുംബങ്ങളാണ്. ഇതിൽ **29.63%** കുടുംബങ്ങൾ സ്ട്രാറ്റം **1** ലും, **64.81%** കുടുംബങ്ങൾ സ്ട്രാറ്റം **2** ലും **3.70%** സ്ട്രാറ്റം **3** ലും **1.85%** സ്ട്രാറ്റം **4** ലും ഉൾപ്പെടുന്നു.

3.2.3 പദ്ധതി പ്രദേശത്ത് നടപ്പിലാക്കിയ മണ്ണുസംരക്ഷണ പ്രവർത്തനങ്ങളുടെ വിവരങ്ങൾ.

പട്ടിക 8

പദ്ധതി നടപ്പിലാക്കിയ സ്കീം	മണ്ണു സംരക്ഷണ പദ്ധതി നടപ്പിലാക്കിയകുടുംബങ്ങളുടെ എണ്ണം				
	സ്ട്രാറ്റം 1	സ്ട്രാറ്റം 2	സ്ട്രാറ്റം 3	സ്ട്രാറ്റം 4	ആകെ
RIDF	**40**	**102**	**15**	**5**	**162**
പഞ്ചായത്ത്	**0**	**0**	**0**	**0**	**0**
MGNREGS	**0**	**0**	**0**	**0**	**0**
സ്വന്തംനിലയിൽ	**0**	**0**	**0**	**0**	**0**
ആകെ	**40**	**102**	**15**	**5**	**162**

പദ്ധതി പ്രദേശത്തെ 162 കുടുംബങ്ങൾ മണ്ണുസംരക്ഷണ വകുപ്പ് നടപ്പാക്കിയ പദ്ധതിയിൽ നിന്നുള്ള ഫണ്ട് ഉപയോഗിച്ചാണ് മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിരിക്കുന്നത്. മണ്ണുസംരക്ഷണ വകുപ്പ് നടപ്പാക്കിയ പദ്ധതി പ്രകാരം (RIDF) മണ്ണുസംരക്ഷണം നടത്തിയവരിൽ സ്ട്രാറ്റം 1 ൽ 40 കുടുംബങ്ങളും സ്ട്രാറ്റം 2 ൽ 102 ഉം സ്ട്രാറ്റം 3 ൽ 15 ഉം സ്ട്രാറ്റം 4 ൽ 5 ഉം കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്.പദ്ധതി പ്രദേശത്ത് ഒരു കുടുംബത്തിൽ തന്നെ ഒന്നിലധികം സ്കീമിൽ ഉൾപ്പെട്ട മണ്ണു സംരക്ഷണ പ്രവർത്തികൾ നടപ്പാക്കിയിട്ടുണ്ട്.

3.2.4 മണ്ണു സംരക്ഷണം നടപ്പിലാക്കിയ കുടുംബങ്ങൾ പദ്ധതിയുടെ രീതി അനുസരിച്ച്

പട്ടിക 9

മണ്ണു സംരക്ഷണ ജോലിയുടെ രീതി	മണ്ണു സംരക്ഷണംനടപ്പിലാക്കിയ കുടുംബങ്ങൾ (എണ്ണം)				
	സ്ട്രാറ്റം 1	സ്ട്രാറ്റം 2	സ്ട്രാറ്റം 3	സ്ട്രാറ്റം 4	ആകെ
കോണ്ടൂർ ബണ്ടിംഗ്(sq. m.)	14	29	5	2	50
ടെറസിംഗ്	23	55	4	1	83
നീർക്കുഴി	3	18	6	2	29
ആകെ	40	102	15	5	162

പട്ടിക 10

പദ്ധതിയിലൂടെഗുണഭോക്താക്കളുടെ ഭൂമിയിൽ നടപ്പിലാക്കിയിട്ടുള്ള മണ്ണ് സംരക്ഷണ പ്രവൃത്തിയുടെവിവരങ്ങൾ.

	സ്കീം(ചെലവ്)					
പ്രധാനരീതി	RIDF	പഞ്ചായത്ത്	MGNREGS	സ്വന്തം നിലയിൽ	മറ്റുള്ളവ	ആകെ ചെലവ് രൂപയിൽ
കോണ്ടൂർ ബണ്ടിംഗ്(sq.m)	2010825	-	-	-	-	2010825
ടെറസിംഗ്	1753662	-	-	-	-	1753662
നീർക്കുഴി	280584	-	-	-	-	280584
Grand Total	4045071	-	-	-	-	4045071

പദ്ധതിയിലൂടെ ഗുണഭോക്താക്കളുടെ ഭൂമിയിൽ മണ്ണ് സംരക്ഷണ പ്രവർത്തിക്കായി ആകെ 40,45,071 രൂപ ചെലവായി. അതിൽ കോണ്ടൂർ ബണ്ടിങ് നു RIDF മുഖേന 20,10,825 രൂപയും ടെറസിംഗ് നിർമാണത്തിന് 17,53,662 രൂപയും നീർക്കുഴി നിർമാണത്തിന് 2,80,584 രൂപയും ഉപയോഗിച്ചു.

പട്ടിക 11

	RIDF	Grand Total
കോണ്ടൂർബണ്ടിംഗ്(sq.m)	21368	21368
ടെറസിംഗ്	15909.8	15909.8
നീർക്കുഴി	2134	2134
Grand Total	39411.8	39411.8

ജില്ലയിൽ വിവിധ മണ്ണു സംരക്ഷണ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്. കോണ്ടൂർ ബണ്ടിംഗ് രീതിയിലാണ് പ്രദേശത്ത് പ്രധാനമായും മണ്ണുസംരക്ഷണം നടപ്പാക്കുന്നത്. 50 കുടുംബങ്ങളാണ് കോണ്ടൂർ ബണ്ടിംഗ് നടപ്പിലാക്കിയിട്ടുള്ളത്. ആകെ 21368 സെന്റ് സ്ഥലത്ത് കോണ്ടൂർ ബണ്ടിംഗ് നടത്തിയിരിക്കുന്നു. 83 കുടുംബങ്ങളാണ് ടെറസിംഗ് നടപ്പാക്കിയിരിക്കുന്നത്. 29 കുടുംബങ്ങളാണ് നീർക്കുഴി നടപ്പാക്കിയിരിക്കുന്നത് 2134 മീറ്റർ സ്ഥലത്ത് ഇവ ഉണ്ട്. മണ്ണുസംരക്ഷണ പ്രവർത്തനങ്ങളിൽ പ്രധാനമായും ചെക്ക് ഡാം, തോടിന്റെ പാർശ്വസംരക്ഷണം എന്നിവ പൊതുപ്രവൃത്തിയായി ചെയ്തിട്ടുണ്ട്.

3.2.5 പദ്ധതി പ്രദേശത്തെ ഹ്രസ്വകാല വിളകളുടെ വിസ്തൃതി.

പട്ടിക 12

ഹ്രസ്വകാലവിളകൾ	പദ്ധതിക്കു മുൻപ് വിസ്തൃതി(സെന്റിൽ)	പദ്ധതിക്കു ശേഷം വിസ്തൃതി(സെന്റിൽ)
ഇഞ്ചി	4	4
ഏത്തവാഴ(cent)	57	57
ചേന	1	1
ചേമ്പ്	1	1

മഞ്ഞൾ	11	11
മരച്ചീനി	2	2
വാഴ (കുഴികളുടെ എണ്ണം)	1723	1728

3.2.6 പദ്ധതി പ്രദേശത്തെ ദീർഘകാല വിളകളുടെ വിസ്തൃതി

പട്ടിക 13

വിളവിസ്തൃതി (എണ്ണം/വിസ്തൃതി)

ദീർഘകാലവിളകൾ	പദ്ധതിക്കുമുൻപ്		പദ്ധതിക്കുശേഷം	
	കായ്ച്ചത്	കായ്ക്കാത്തത്	കായ്ച്ചത്	കായ്ക്കാത്തത്
കമുക് (എണ്ണം)	1810	401	1810	401
കശുമാവ് (എണ്ണം)	1822	456	1822	456
കുരുമുളക് (എണ്ണം)	1016	191	1016	191
കൊക്കോ (എണ്ണം)	3	1	3	1
ജാതി (എണ്ണം)	15	0	15	0
തെങ്ങ് (എണ്ണം)	6993	1996	6993	1999
തേക്ക് (സെന്റിൽ)	72	0	72	0
പപ്പായ (എണ്ണം)	83	6	83	6
പുളി (എണ്ണം)	12	1	12	1
പ്ലാവ് (എണ്ണം)	214	28	214	28
മഹാഗണി (സെന്റിൽ)	87	5	87	5
മാവ് (എണ്ണം)	180	31	180	31
മുരിങ്ങ (എണ്ണം)	33	3	33	3
റബ്ബർ (സെന്റിൽ)	12497	2071	12497	2071

പദ്ധതി പ്രദേശത്തെ ഹ്രസ്വകാല വിളകളുടെ വിസ്‌തൃതി സെന്റിലും ദീർഘകാല വിളകളുടെ വിസ്തൃതി എണ്ണത്തിലും മുകളിൽ കൊടുത്തിരിക്കുന്ന പട്ടികയിൽ കൊടുത്തിട്ടുണ്ട്. പദ്ധതിയുടെ ഫലമായി മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുകയും അതുവഴി പ്രദേശത്തെ കാർഷിക വിളകളുടെ അഭിവൃദ്ധിയ്ക്കും ജനങ്ങളുടെ വരുമാന വർദ്ധനവിനും കാരണമായി.

3.2.7 പദ്ധതി പ്രദേശത്തെ വിളകളുടെ ഉൽപാദനം

പട്ടിക 14

ഉൽപാദനം(എണ്ണം/കി.ഗ്രാം)

ദീർഘകാലവിളകൾ	പദ്ധതിക്കുമുൻപ്	പദ്ധതിക്കുശേഷം
	അളവ്	അളവ്
അടയ്ക്ക (എണ്ണം)	355190	373342
ഇഞ്ചി (കി.ഗ്രാം)	52	61
ഏത്തപ്പഴം (കി.ഗ്രാം)	3862	4105
കശുവണ്ടി (കി.ഗ്രാം)	12454	13988
കുരുമുളക് (കി.ഗ്രാം)	9798	10682
കൊക്കോ (കി.ഗ്രാം)	10	15
ചക്ക (കി.ഗ്രാം)	3968	4906
ചേന(കി.ഗ്രാം)	50	60
ചേമ്പ്(കി.ഗ്രാം)	25	35
ജാതി (കി.ഗ്രാം)	26	35.5
തേങ്ങ (എണ്ണം)	294671	305163
പപ്പായ (കി.ഗ്രാം)	1928	2399
പുളി(കി.ഗ്രാം)	485	591
മഞ്ഞൾ(കി.ഗ്രാം)	109.25	131.8
മരച്ചീനി(കി.ഗ്രാം)	20	25
മാങ്ങ (കി.ഗ്രാം)	8704	10154
മുരിങ്ങക്കായ (കി.ഗ്രാം)	788	1032
റബ്ബർ (കി.ഗ്രാം)	71267	76864
വാഴപ്പഴം (കി.ഗ്രാം)	9726	10919

പദ്ധതി പ്രദേശത്തെ കാർഷികോൽപന്നങ്ങളായ തേങ്ങ, ഏത്തവാഴ, കശുമാവ്, കമുക്, റബർ, കുരുമുളക് തുടങ്ങിയവയുടെ ഉത്പാദനം പദ്ധതിക്ക് ശേഷം വർധിച്ചതായി മനസിലാക്കാം.

3.2.8 പദ്ധതിയുടെ പുരോഗതിയെക്കുറിച്ചുള്ള അഭിപ്രായം.

പട്ടിക 15

പദ്ധതിയുടെ പ്രയോജനത്തെക്കുറിച്ചുള്ള അഭിപ്രായം

പദ്ധതിയുടെ പ്രയോജനത്തെക്കുറിച്ചുള്ളഅഭിപ്രായം	ഉണ്ട്	ഇല്ല
വിളയിലെ വർദ്ധന	**63.69%**	**36.31%**
വിളയുടെ സാന്ദ്രതയിലെ വർദ്ധന	**64.33%**	**35.67%**
ഉൽപ്പാദന നിരക്ക് വർദ്ധന	**56.05%**	**43.95%**
വാർഷിക വരുമാന വർദ്ധന	**56.05%**	**43.95%**

പദ്ധതിയ്ക്കു ശേഷം വിളരീതിയിൽ വർദ്ധനവുണ്ടായിട്ടുണ്ട് എന്ന് **63.69%**ഉം, വിളയുടെ സാന്ദ്രതയിൽ വർധനവ് ഉണ്ടായിട്ടുണ്ടെന്ന് **64.33%** ഉൽപാദന നിരക്കിൽ വർദ്ധനവുണ്ടായിട്ടുണ്ടെന്ന് **56.05%** പേരും അഭിപ്രായപ്പെട്ടു. വാർഷിക വരുമാനം വർദ്ധിച്ചു എന്ന് **56.05%** പേരും വരുമാനം വർദ്ധിച്ചിട്ടില്ലെന്ന് **43.95%** പേരും സർവ്വേയിൽ അറിയിച്ചു.

പദ്ധതി പ്രദേശത്ത് ആകെ **147** കിണർ ഉപഭോക്താക്കളെ കുറിച്ച് വിലയിരുത്തിയപ്പോൾ കിണറിലെ ജലവിതാനം പദ്ധതിയ്ക്ക് ശേഷം വലിയ മാറ്റം വന്നിട്ടുണ്ടെന്ന് അഭിപ്രായപ്പെട്ടു. ഒരു മീറ്ററിൽ താഴെ ജലവിതാനമുണ്ടായിരുന്ന കിണറുകളിൽ പദ്ധതിക്കു ശേഷം ഒരു മീറ്ററിൽ കൂടുതൽ ജലവിതാനമുണ്ടായി. **102** കിണറുകളിലും വർഷം മുഴുവൻ ജലം ലഭ്യമാകുന്നു. മണ്ണിലെ ജലാംശത്തിന്റെ തോത് പദ്ധതിയ്ക്ക് മുൻപ് തൃപ്തികരമായിരുന്നു എന്ന് **19.87%** പേർ അഭിപ്രായപ്പെട്ടു. **80.13%** പേർ അല്ലായെന്നും അറിയിച്ചു. പദ്ധതിയ്ക്കു ശേഷം ജലാംശത്തിന്റെ തോത് തൃപ്തികരമായിരുന്നു എന്ന് **64.97%** പേരും അല്ലായെന്ന് **35.03%** പേരും അഭിപ്രായപ്പെട്ടു.

തോടിന്റെ പാർശ്വ സംരക്ഷണം പദ്ധതിക്ക് മുൻപ് നടത്തിയത് **0.95%** മാത്രം. പദ്ധതിക്ക് ശേഷം തോടിനു പാർശ്വ സംരക്ഷണം നടത്തിയിട്ടുണ്ടെന്ന് **17.14%** പേർ സൂചിപ്പിച്ചു. തോടിന്റെ പാർശ്വങ്ങൾ സംരക്ഷിക്കപ്പെട്ടതിലൂടെ കൂടുതൽ പ്രയോജനം ലഭിച്ചത് കൃഷി സംരക്ഷണത്തിനും വീട് സംരക്ഷണത്തിനുമാണെന്ന് മനസ്സിലാക്കാൻ സാധിച്ചു. തോടിലെ നീരൊഴുക്ക് പദ്ധതിക്ക് ശേഷം സുഗമമായെന്ന് **44.55%** പ്രദേശവാസികൾ അറിയിച്ചു.

മണ്ണൊലിപ്പിന്റെ തോത് പദ്ധതിക്ക് മുൻപ് കുറഞ്ഞിട്ടുണ്ടെന്നു **1.29%** പേരും ഇല്ല എന്ന് **98.71%** പേരും അഭിപ്രായപ്പെട്ടു. പദ്ധതിക്ക് ശേഷം മണ്ണൊലിപ്പിന്റെ തോത് കുറഞ്ഞിട്ടുണ്ടെന്നു **89.03 %** പേരും ഇല്ല എന്ന് **10.97%** പേരും സൂചിപ്പിച്ചു. പദ്ധതിക്ക് മുൻപ് മണ്ണിടിച്ചിൽ അനുഭവപെട്ടിരുന്നതായി **135** പേർ അഭിപ്രായപ്പെട്ടപ്പോൾ പദ്ധതിക്ക് ശേഷം മണ്ണിടിച്ചിൽ ഉള്ളതായി **2** പേർ മാത്രമേ അഭിപ്രായപ്പെട്ടുള്ളൂ.

പദ്ധതിക്ക് മുൻപ് കൃഷിനാശം സംഭവിച്ചതായി **84.08%** പേർ അഭിപ്രായപ്പെട്ടപ്പോൾ പദ്ധതിക്ക് ശേഷം വെറും **1.27%** പേർ കൃഷിനാശം സംഭവിച്ചതായി അറിയിച്ചിട്ടുള്ളൂ. പദ്ധതിക്ക് മുൻപ് ശുദ്ധജലക്ഷാമം **138** കുടുംബങ്ങൾ നേരിട്ടപ്പോൾ പദ്ധതിയ്ക്ക് ശേഷം **8** കുടുംബങ്ങൾ മാത്രമായി ചുരുങ്ങി.

കുളത്തിൽ വർഷത്തിൽ **9-12** മാസം വരെ ജലം ലഭ്യമായിരുന്നുവെന്നു പദ്ധതിക്ക് മുൻപും പദ്ധതിക്ക് ശേഷം **6** കുടുംബങ്ങൾ അഭിപ്രായപ്പെട്ടു. കുളത്തിലെ ജലം കാർഷിക ജല സേചനത്തിനു പദ്ധതിക്ക് മുൻപും പദ്ധതിക്ക് ശേഷം **5** കുടുംബങ്ങൾ ഉപയോഗിക്കുന്നു.

3.2.9 പാരിസ്ഥിതികപ്രശ്നങ്ങൾ

പട്ടിക 16

പാരിസ്ഥിതികപ്രശ്നങ്ങൾ

നേരിടുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ	പദ്ധതിയ്ക്ക് മുൻപ്		പദ്ധതിയ്ക്ക് ശേഷം	
	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല
ഖനനം	0	157	0	157
പാടം നികത്തൽ	0	157	2	155
ജൈവമാലിന്യം	1	156	1	156

അജൈവമാലിന്യം	1	156	2	155
വരൾച്ചാ പ്രശ്നമുള്ള ഭൂമി	152	5	4	153
മണ്ണൊലിപ്പുള്ള ഭൂമി	154	3	2	155
മറ്റുള്ളവ	6	151	0	157

പാരിസ്ഥിതിക പ്രശ്നങ്ങളായ വരൾച്ച , മണ്ണൊലിപ്പ് എന്നിവയ്ക്ക് പദ്ധതിക്ക് ശേഷം വളരെയധികം മാറ്റം വന്നതായി കാണപ്പെടുന്നു.

3.2.10 ഗുണഭോക്താക്കളുടെ അനുബന്ധതൊഴിലിൽ നിന്നുള്ള വരുമാനം

പട്ടിക 17

ഗുണഭോക്താക്കളുടെ അനുബന്ധ വാർഷിക വരുമാനം

അനുബന്ധ തൊഴിൽ	വളരെയധികം മെച്ചപ്പെട്ടു	സാമാന്യം മെച്ചപ്പെട്ടു	ബാധകമല്ല
പശു വളർത്തൽ	3	20	134
ആട് വളർത്തൽ	2	9	146
കോഴി വളർത്തൽ	12	42	103

പശു വളർത്തുന്ന 3 കുടുംബങ്ങളും ആട് വളർത്തുന്ന 2 കുടുംബങ്ങളും കോഴി വളർത്തുന്ന 12 കുടുംബങ്ങളും വളരെയധികം മെച്ചപ്പെട്ട വാർഷിക വരുമാനം ലഭിച്ചതായി മനസ്സിലാക്കുന്നു. പശു വളർത്തുന്ന 20 കുടുംബങ്ങളും ആട് വളർത്തുന്ന 9 കുടുംബങ്ങളും കോഴി വളർത്തുന്ന 42 കുടുംബങ്ങളും സാമാന്യം മെച്ചപ്പെട്ട വാർഷിക വരുമാനം ലഭിച്ചതായി സർവ്വേ വിലയിരുത്തി.

അദ്ധ്യായം - 4

കൺട്രോൾ പ്ലോട്ട്

2023-24 വർഷത്തെ മണ്ണ് സംരക്ഷണ വിലയിരുത്തൽ പഠന സർവ്വേക്കായി തെരഞ്ഞെടുത്തത് പൊയ്യമല-ഇല്ലിമുക്ക് വാട്ടർഷെഡ് പദ്ധതിയാണ്. **157** ഗുണഭോക്താക്കളാണ് ഇതിൽ ഉൾപ്പെട്ടിട്ടുള്ളത്. പദ്ധതി നടപ്പിലാക്കിയ പ്രദേശത്തിന്റെ **20%** ഗുണഭോക്താക്കളാണ് കൺട്രോൾ പ്ലോട്ടുകളിലെ പഠനത്തിന് തെരഞ്ഞെടുക്കുന്നത്. മണ്ണ് സംരക്ഷണ പദ്ധതി നടപ്പിലാക്കിയ പ്രദേശവും നടപ്പിലാക്കാത്ത പ്രദേശവും തമ്മിലുള്ള താരതമ്യ പഠനത്തിനാണ് കൺട്രോൾ പ്ലോട്ടുകളിലെ വിവരങ്ങൾ ഉപയോഗിക്കുന്നത്.

കൺട്രോൾ പ്ലോട്ടിലെ വിവരങ്ങൾ അറിയുവാൻ **31** കുടുംബങ്ങളെയാണ് തെരഞ്ഞെടുത്തത്. സ്ട്രാറ്റം **1** ൽ **23** ഉം സ്ട്രാറ്റം **2** ൽ **7** ഉം സ്ട്രാറ്റം **4** ൽ ഒരു കുടുംബങ്ങളുമാണ് ഉള്ളത് .

കർഷക തൊഴിലാളികൾ ആകെ **18** പേരിൽ **12** പേർ സ്ട്രാറ്റം **1** ലും **6** പേർ സ്ട്രാറ്റം **2** ലും ഉൾപ്പെടുന്നു. കാർഷികേതര തൊഴിലാളികൾ ആകെയുള്ള **2** പേരും സ്ട്രാറ്റം ഒന്നിൽ ഉൾപ്പെടുന്നു. കാർഷികേതര വിഭാഗത്തിൽ ആകെയുള്ള **5** പേരിൽ സ്ട്രാറ്റം **1** ൽ **5** പേരും ഉൾപ്പെടുന്നു. കൃഷി തൊഴിലായി സ്വീകരിച്ച **5** പേരിൽ സ്ട്രാറ്റം **1** ൽ **3** പേരും സ്ട്രാറ്റം **2** ൽ **1** ഉം സ്ട്രാറ്റം **4** ൽ ഒരു കുടുംബവും ഉൾപ്പെടുന്നു. ഈ പ്രദേശത്ത് **29** കുടുംബങ്ങൾ സ്ഥിരമായി താമസിക്കുന്നു .

മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ ആവശ്യമുള്ളവർ **45.16%** ആണ്. മണ്ണ് സംരക്ഷണപ്രവർത്തനങ്ങൾ നടപ്പിലാക്കാത്തതിന്റെ കാരണം പദ്ധതിയെ കുറിച്ചുള്ള അറിവില്ലായ്മയാണെന്ന് **9.68%** ഉം സർക്കാർ ധനസഹായത്തിന്റെ കുറവാണെന്ന് **51.61%** ഉം സ്വന്തം ധനത്തിന്റെ കുറവാണെന്ന് **38.70 %** ഉം അഭിപ്രായപ്പെട്ടു.

ഭൂവിനിയോഗ വിസ്തൃതിയിൽ ആകെ **2492** സെന്റ് ആണുള്ളത്. അതിൽ കൃഷി ചെയ്യുന്ന സ്ഥലം **2339** സെന്റും കൃഷി ചെയ്യാത്ത സ്ഥലം **153** സെന്റും ആണ്. കൃഷി ചെയ്യുന്ന **2339** സെന്റിൽ **22.83%** മാത്രമേ ജലസേചനം ചെയ്യുന്നുള്ളൂ. ജലസേചന മാർഗ്ഗമായി **10** കിണറുകൾ ഉപയോഗിക്കുന്നു. കൺട്രോൾ പ്ലോട്ടുകളിൽ കൃഷി കുറയാൻ കാരണം വന്യമൃഗ ശല്യമാണെന്ന് സർവ്വേ വിലയിരുത്തി.

പട്ടിക 18

വിളവിസ്തൃതി	
ഹ്രസ്വകാലവിളകൾ	**വിസ്തൃതി (സെന്റിൽ)**
ഏത്തവാഴ	54
മഞ്ഞൾ	2
വാഴ (കുഴികളുടെ എണ്ണം)	413

പട്ടിക 19

വിള വിസ്തൃതി		
ദീർഘകാലവിളകൾ	**വിസ്തൃതി/എണ്ണം**	
	കായ്ച്ചത്	**കായ്ക്കാത്തത്**
കമുക് (എണ്ണം)	190	55
കശുമാവ് (എണ്ണം)	221	54
കുരുമുളക് (എണ്ണം)	116	23
കൊക്കോ (എണ്ണം)	1	0
ജാതി (എണ്ണം)	1	1
തെങ്ങ് (എണ്ണം)	547	159
തേക്ക് (സെന്റിൽ)	52	0
പപ്പായ (എണ്ണം)	20	6
പുളി (എണ്ണം)	1	0
പ്ലാവ് (എണ്ണം)	55	22
മഹാഗണി (സെന്റിൽ)	3	0
മാവ് (എണ്ണം)	50	15
മുരിങ്ങ (എണ്ണം)	10	3
റബ്ബർ (സെന്റിൽ)	1160	210

ദീർഘകാല വിളകളിൽ റബ്ബർ, തെങ്ങ്, കശുമാവ്, കമുക്, കുരുമുളക് എന്നിവയാണ് കൂടുതലായി കൃഷി ചെയ്യുന്നത്. ഹ്രസ്വ കാലവിളകളിൽ ഏത്തവാഴ, മറ്റുവാഴ എന്നിവയും ഉണ്ട്.

പട്ടിക20

ഉൽപാദനം (എണ്ണം/കി.ഗ്രാം)	
ദീർഘകാലവിളകൾ	**അളവ്**
അടയ്ക്ക (എണ്ണം)	35627
ഏത്തപ്പഴം (കി.ഗ്രാം)	5172
കശുവണ്ടി (കി.ഗ്രാം)	1666
കുരുമുളക് (കി.ഗ്രാം)	704
കൊക്കോ (കി.ഗ്രാം)	4
ചക്ക (കി.ഗ്രാം)	1044
ജാതി (കി.ഗ്രാം)	4
തേങ്ങ (എണ്ണം)	21882
പപ്പായ (കി.ഗ്രാം)	410
പുളി (കി.ഗ്രാം)	50
മഞ്ഞൾ (കി.ഗ്രാം)	22
മാങ്ങ (കി.ഗ്രാം)	2515
മുരിങ്ങക്കായ (കി.ഗ്രാം)	235
റബ്ബർ (കി.ഗ്രാം)	6720
വാഴപ്പഴം (കി.ഗ്രാം)	2509

കൺട്രോൾ പ്ലോട്ടിൽ പ്രധാന വിളകളുടെ ഉത്പന്നങ്ങളായ തേങ്ങ, അടയ്ക്ക, റബർ, കശുവണ്ടി തുടങ്ങിയവയുടെ വിവരങ്ങൾ പട്ടികയിൽ നൽകിയിട്ടുണ്ട്.

കൺട്രോൾ പ്ലോട്ടിൽ മണ്ണൊലിപ്പ് പ്രയാസങ്ങൾ ഉള്ളത് 41.93% ഉം മണ്ണ് സംരക്ഷണ പ്രവർത്തങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നത് 41.93% ഉം ആകുന്നു. സർക്കാർ സഹായത്തോടെയുള്ള പ്രവർത്തനങ്ങളെ കുറിച്ച് കേട്ടവർ 25.80% ആകുന്നു. മണ്ണ് സംരക്ഷണ മാർഗ്ഗങ്ങൾ സ്വീകരിക്കാതിരുന്നതിന്റ കാരണം 70.97% പേർ ചെലവേറിയവ ആയതുകൊണ്ടും 19.35% പേർ ധനത്തിന്റെ കുറവായതുകൊണ്ടുമെന്ന് അഭിപ്രായം ഉണ്ടായെങ്കിലും ധനപരമായ സഹായം 41.93% പേർ മാത്രമേ ആവശ്യപ്പെട്ടിട്ടുള്ളൂ. പദ്ധതി വിശദാംശങ്ങളെക്കുറിച്ച് ഉപദേശങ്ങൾ 3.23% പേർ മാത്രമേ സ്വീകരിച്ചിട്ടുള്ളൂവെന്ന് മനസ്സിലാക്കാം.

കിണറിന്റെ ജലവിതാനം ഒരു മീറ്ററിൽ കൂറവ് 12 കിണറുകൾക്കും ജല ലഭ്യത പദ്ധതിക്ക് ശേഷം കിണറിൽ ഒരു മാസത്തിൽ കുറവ് ജലം ലഭ്യമാകാത്തത് 4 കിണറുകളും 1 മുതൽ 4മാസം വരെ ജലം ലഭ്യമാകാത്തത് 8 കിണറുകളും 9 മുതൽ 12 മാസം വരെ ജലം ലഭ്യമാകാത്തത് 4 കിണറുകളും ആകുന്നു.

കൃഷി ഭൂമിയിലെ ജലാംശത്തിൻറെ തോത് തൃപ്തികരമെന്ന് 45.16% പേർ അഭിപ്രായപ്പെട്ടു. തോടിന്റെ പാർശ്വസംരക്ഷണം പൂർണ്ണമായെന്ന് 12.50% പേരും ഭാഗികമെന്ന് 25% പേരും വിലയിരുത്തി. തോടിന്റെ നീരൊഴുക്ക് പൂർണ്ണമായെന്ന് 12.50% ഭാഗികമായെന്ന് 25% പേരും അഭിപ്രായപ്പെട്ടു. കുളത്തിന്റെ പാർശ്വസംരംക്ഷണം ആരും നടത്തിയില്ലെന്നും മനസ്സിലാക്കുന്നു. കുളത്തിലെ ജലലഭ്യത 9 മുതൽ 12 മാസം വരെ ഒരെണ്ണത്തിൽ ഉണ്ട്. വെള്ളപ്പൊക്ക ബാധിതമോ മണ്ണിടിച്ചിൽ ബാധിതമോ ആയ പ്രദേശങ്ങളൊന്നും ഇല്ല. കൃഷിനാശം ഇല്ല. ശുദ്ധജലക്ഷാമം 67.74% ആകുന്നു. പ്രദേശം നേരിടുന്ന പാരിസ്ഥിക പ്രശ്നങ്ങൾ മണ്ണൊലിപ്പും വരൾച്ചയുമാണെന്ന് റിപ്പോർട്ട് വ്യക്തമാക്കുന്നു.

അദ്ധ്യായം - 5

ഉപസംഹാരം

മണ്ണ് സംരക്ഷണം കൊണ്ട് ഉദ്ദേശിക്കുന്നത് ഭൂമിയിലെ ജൈവ ഘടനയെ നിലനിർത്തി ജലക്ഷാമത്തിനും മണ്ണൊലിപ്പിനും പരിഹാരം കണ്ടെത്തുക എന്നതാണ്. കൊണ്ടൂർ ബണ്ടിങ്, ടെറസിംഗ്, നീർക്കുഴി എന്നിവയാണ് പ്രധാനമായും പദ്ധതി പ്രദേശത്ത് നടപ്പിലാക്കിയത്. മലനിര പ്രദേശമായതിനാൽ ഇത്തരം പ്രവർത്തികൾ പ്രദേശത്ത് മണ്ണൊലിപ്പ് തടയുന്നതിന് സഹായകരമായിട്ടുണ്ട്. ഇതുവഴി മണ്ണിന്റെ ഘടനയ്ക്കും സ്വഭാവത്തിനും മാറ്റം വരുത്താതെയും മഴക്കാലത്ത് ഒലിച്ചു വരുന്ന ജലം നഷ്ടപ്പെടാതെ മണ്ണിൽ തന്നെ ഊർന്നിറങ്ങുന്നതിനു പ്രയോജനകരമായിട്ടുണ്ട്. ഇത് മൂലം ജലക്ഷാമം പരിഹരിക്കുന്നതിലും കാർഷിക വിളകളുടെ ഉത്പാദനം വർധിക്കുകയും ചെയ്യും. വിളയിലെ വർധന, വിളയുടെ സാന്ദ്രതയുടെ വർധന , ഉല്പാദന നിരക്ക് വർധന, വാർഷിക വരുമാന വർധന എന്നിവയാണ് പദ്ധതിയുടെ ഏറ്റവും വലിയ മെച്ചം.

മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ ജലസംരക്ഷണവുമായി വളരെയധികം ബന്ധപ്പെട്ടിരിക്കുന്നു. പദ്ധതി നടപ്പിലാക്കിയതിന്റെ ഫലമായി കിണറുകളിലെ ജല വിതാനം ഏപ്രിൽ, മെയ് മാസങ്ങളിൽ ഉയർന്നിട്ടുണ്ടെന്നു കാണാം. പ്രദേശവാസികൾ മുഖ്യമായും കൃഷിയെ ഉപജീവനമാർഗ്ഗമായി ആശ്രയിക്കുന്നവരാണ്. കൃഷി ഭൂമിയിലെ ജലാംശത്തിന്റെ തോതു വർദ്ധിച്ചതായി ഫലമായി വിളയിലും വർദ്ധനവുണ്ടായി. ഉത്പാദന നിരക്ക് വർദ്ധിച്ചതിന്റെ ഫലമായി ഗുണഭോക്താക്കളുടെ വാർഷിക വരുമാനത്തിലും വർദ്ധനവുണ്ടായി.

മണ്ണ് സംരക്ഷണം നടപ്പിലാക്കിയ സ്ഥലത്ത് തുടർ പരിപാലനം നടത്താറില്ല എന്നാണ് പദ്ധതി നടപ്പിലാക്കിയ ഭൂരിപക്ഷം പേരും അഭിപ്രായപ്പെട്ടത്. കോണ്ടൂർ ബണ്ടുകൾ പദ്ധതി പ്രദേശത്ത് പ്രയോജനകരമായിരുന്നുവെന്നു സർവേയിൽ നിന്നും മനസ്സിലാക്കുവാൻ സാധിക്കുന്നു. കുളത്തിലെ ജലലഭ്യതയും പദ്ധതിക്കു ശേഷം ഉയർന്നിട്ടുണ്ട്.

മണ്ണൊലിപ്പ് പ്രശ്നത്തെക്കുറിച്ച് കർഷകർക്ക് അവബോധമുണ്ടാക്കുക എന്നതാണ് മണ്ണുസംരക്ഷണ പ്രവർത്തനത്തിന്റെ മറ്റൊരു ലക്ഷ്യം. മണ്ണുജല സംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ച് ഗുണഭോക്താക്കൾക്കുള്ള അറിവ് വർദ്ധിപ്പിക്കാൻ സാധിച്ചു എന്നത് പദ്ധതിയുടെ മറ്റൊരു നേട്ടമാണ്. വിളകളുടെ വിലക്കുറവും, കാലാവസ്ഥാ

വ്യതിയാനവും വന്യമൃഗശല്യവുമാണ് പ്രദേശവാസികൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങൾ.

പദ്ധതി പ്രദേശത്ത് വ്യക്തിഗത ഗാർഹിക കിണറുകൾ വളരെ കുറവാണ്. ശരാശരി കിണറിന്റെ ആഴം **20** കോലാണ്. കൺട്രോൾ പ്ലോട്ടിൽ കിണറിലെ ജലവിതാനം ഒരു മീറ്ററിൽ കുറവാണ്. പക്ഷെ പദ്ധതി പ്രദേശത്ത് ജലവിതാനം ഒരു മീറ്ററിൽ കൂടുതൽ ആണെന്ന് സർവ്വേ വിലയിരുത്തി. തോടിലെ നീരൊഴുക്ക് കൺട്രോൾ പ്ലോട്ടിനെക്കാൾ പദ്ധതി പ്രദേശത്തു കൂടുതലാണ്. മണ്ണൊലിപ്പിന്റെ തോത് പദ്ധതി പ്രദേശത്തു കുറഞ്ഞതായി **89.03%** പേർ അഭിപ്രായപ്പെട്ടു. ഈ പദ്ധതിയെ സംബന്ധിച്ച് സർവ്വെയിൽ സഹകരിച്ച ഭൂരിപക്ഷം പ്രദേശവാസികളും വളരെ നല്ല അഭിപ്രായമാണ് അറിയിച്ചത്.